**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Seeram Sambasiva Rao IAS)

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്- ജീവനക്കാര്യം- തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിലെ ക്ലർക്ക് ശ്രീ. റഫീക്ക്.ഇ.എൻ-നെ ക്ലർക്ക് തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

ഉത്തരവ് നമ്പർ LSGD/PD/54073/2023-GEA4 തീയതി:06-04-2025

പരാമർശം:

1) തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 18.04.2023 - ലെ DDP- TSR/816/2023-E2 നമ്പർ കത്ത്
2) പഞ്ചായത്ത് ഡയറക്ടറുടെ 15.07.2021 തീയതിയിലെ PAN/12876/ 2020-E6(DP) നമ്പർ ഉത്തരവ്.
3) ഈ ആഫീസിലെ 06.03.2025 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ. റഫീക്ക്.ഇ.എൻ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ 20.10.2020 ന് പഞ്ചായത്ത് ഡയറക്ടറേറ്റിൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് 21.10.2021 ന് തൃശ്ശൂർ ജില്ലയിലെ നെൻമണിക്കര ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുകയും ചെയ്തിരുന്നു. നിലവിൽ വെള്ളാങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.റഫീക്ക്.ഇ.എൻ-ന്റെ പേര് 01.01.2019 മുതൽ 30.09.2020 വരെ നിയമന ശുപാർശ ലഭിച്ച് സേവനത്തിൽ പ്രവേശിച്ച പരാമർശം(2) പ്രകാരമുള്ള ക്ലർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ശ്രീ.റഫീക്ക്.ഇ.എൻ-ന്റെ അപേക്ഷ തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടർ പരാമർ ശം (1) പ്രകാരം ലഭ്യമാക്കിയിരുന്നു. ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. റഫീക്ക്.ഇ.എൻ-നെ നിയമന ശുപാർശ തീയതി അടിസ്ഥാനമാക്കി പരാമർശം (2) സീനിയോരിറ്റി പട്ടികയിൽ ക്രമ നം. 619 ശ്രീ.ബിനു.പി.എം-നും നം ക്രമ നം. 620 ശ്രീമതി.അന്നമോൾ പോൾ-നും ഇടയിൽ 619 A ആയി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ച് പരാമർശം ( 3 ) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. ആയത് സംബന്ധിച്ച് ആക്ഷേപങ്ങളൊന്നും തന്നെ ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീ.റഫീക്ക്.ഇ.എൻ-നെ പരാമർശം (2) സീനിയോരിറ്റി പട്ടികയിൽ ക്രമ നം.619 ശ്രീ.ബിനു.പി.എം-നും നം ക്രമ നം.620 ശ്രീമതി.അന്നമോൾ പോളിനും നം ഇടയിൽ 619 A ആയി ഉൾപ്പെടുത്തി കൊണ്ട് സീനിയോരിറ്റി പട്ടിക പുനക്രമീകരിച്ചും ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

**Seeram Sambasiva Rao IAS**
**PRINCIPAL DIRECTOR**

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ IE/DEC സെക്ഷനുകൾക്ക്
3. ശ്രീ.റഫീക്ക്.ഇ.എൻ(ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം)
4. സിസ്റ്റം സൂപ്പർവൈസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി